ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ എഞ്ചിനീയറിംഗ് വിംഗ്

110 [5255] ശ്രീ. കളത്തിൽ അബ്ദുള്ള :
" കെ. കുട്ടി അഹമ്മദ്കുട്ടി:
" ടി.പി.എം. സാഹിർ:
" സി. മോയിൻ കുട്ടി:
" പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പി.ഡബ്ലിയു.ഡി.,എൽ.എസ്.ജി.ഡി. എന്നീ മാതൃകയിൽ എൻജിനീയറിംഗ് വിംഗ് രൂപീകരിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ അത് എന്നത്തേയ്ക്ക് പ്രാവർത്തികമാകും?

ഉത്തരം

(എ) ഇപ്പോഴത്തെ സംവിധാനമനുസരിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും രണ്ട് ഓവർസിയർമാരും അടങ്ങുന്ന എഞ്ചിനീയറിംഗ് വിഭാഗം നിലവിൽ വന്നിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിൽ മിനിസ്റ്റേഡിയം

111 [5256] ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി അക്വിസിഷൻ നടത്തിയതിൽ അഴിമതിയുണ്ടെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) കുറ്റക്കാർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ലഭിച്ച പരാതി അനുസരിച്ച് അന്വേഷണം നടത്തുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 28-4-2003-ലെ ജി 6.3691/2003 നമ്പർ കത്ത് പ്രകാരം വസ്തു വാങ്ങൽ നടപടി താൽക്കാലികമായി സ്റ്റേ ചെയ്തു. തുടർന്നു നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ 22-1-1998-ലെ ജി.ഒ.(പി) നമ്പർ 18/98/എൻ.എ.ഡി. നമ്പർ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം വിപുലമായ വിത്രപരസ്യം നൽകുകയും സർക്കാർ ഇക്കാര്യത്തിൽ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവുകൾ പുറപ്പെടുവിച്ചുകൊണ്ടും സ്ഥലം എടുക്കുന്നതിന് 9-6-2003-ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 9-6-2003-ലെ നിർദ്ദേശം സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബഹു. ഹൈക്കോടതിയിൽ ഡബ്ലിയു.പി. (1) 20311/03 നമ്പരായി കേസ് ഫയൽ ചെയ്തിരിക്കയാണ്.

(സി) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

വാമനപുരം ഗ്രാമപഞ്ചായത്തിലെ അംഗനവാടിക്ക് പഞ്ചായത്തു സ്ഥലവും കെട്ടിടവും വാങ്ങി നൽകിയ നടപടി

112 [5257] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ വാമനപുരം ഗ്രാമപഞ്ചായത്തിൽ 207-ാം നമ്പർ അംഗനവാടിക്ക് പഞ്ചായത്തുവക സ്ഥലവും കെട്ടിടവും വാങ്ങി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് എത്ര തുക ചെലവായി;

(സി) ഈ സ്ഥലവും കെട്ടിടവും വാങ്ങിയത് സംബന്ധിച്ച് എന്തെങ്കിലും പരാതി വിജിലൻസിനോ തദ്ദേശ സ്വയംഭരണ വകുപ്പിനോ മറ്റേതെങ്കിലും സർക്കാർ ഏജൻസികൾക്കോ ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1,40,000 രൂപ ചെലവായി.

(സി, ഡി) പരാതികളൊന്നും ഈ വകുപ്പിൽ ലഭിച്ചിട്ടില്ല. വിജിലൻസിന് പരാതി വല്ലതും ലഭിച്ചിട്ടുണ്ടോ എന്നുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

കേരള മുനിസിപ്പൽ ചെയർമാൻ ആന്റ് മുനിസിപ്പൽ കൗൺസിലേഴ്സ് വെൽഫെയർ സ്കീം പദ്ധതി

113 [5258] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മുനിസിപ്പൽ ചെയർമാൻമാർ, കോർപ്പറേഷൻ മേയർമാർ, സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാർ, കൗൺസിലർമാർ എന്നിവർക്കായി കേരള മുനിസിപ്പൽ ചെയർമാൻ ആന്റ് മുനിസിപ്പൽ കൗൺസിലേഴ്സ് വെൽഫെയർ സ്കീം എന്ന ഒരു പദ്ധതി നടപ്പിലാക്കി വന്നിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly